ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 25.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അടിയന്തരാവസ്ഥയുടെ ഓർമ്മയിൽ രാജ്യം ഇന്ന് 'സംവിധാൻ ഹത്യ ദിവസ്' ആചരിക്കുന്നു; ജനാധിപത്യ മൂല്യങ്ങളുടെ സംരക്ഷണത്തിനായി ഉറച്ചുനിന്നവർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടയുള്ള പ്രമുഖർ.

   Nation observes 'Samvidhaan Hatya Diwas' today in memory of Emergency; Dignitaries including the Vice President and Prime Minister pay homage to those who stood for democratic values.

2. പുതുക്കിയ ഉഡാൻ പദ്ധതി ഉടൻ ആരംഭിക്കുമെന്നും നൂറോളം പുതിയ വിമാനത്താവളങ്ങളുടെ വികസനത്തിന് പിന്തുണ നൽകുമെന്നും കേന്ദ്ര മന്ത്രി റാം മോഹൻ നായിഡു.

   Revamped UDAN scheme to be launched soon, will support development of around 100 new airports: Union Minister Ram Mohan Naidu.

3. ഊർജ്ജ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിനായി ബ്രിക്സ് രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രി മനോഹർ ലാൽ.

   India seeks to strengthen BRICS cooperation towards building energy systems, says Union Minister Manohar Lal.

4. കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള സെൽഫ് എന്യൂമറേഷനുള്ള അവസരം ഇനി 5 ദിവസം കൂടി.

   Just 5 days left for self-enumeration as part of Census 2027 in Kerala.

5. വെനിസ്വേലയില് ഭൂകമ്പത്തിൽ 32 മരണം. 700 ലധികം പേർക്ക് പരിക്ക്. അനുശോചനം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   32 dead, over 700 injured in Venezuela earthquake; PM Narendra Modi expresses condolences

6. ഐെസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ, ഇന്ന് ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.

In ICC Women's T20 World Cup: India to face Bangladesh today.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM SAMVIDHAN HATYA DIVAS

1975-ലെ അടിയന്തരാവസ്ഥയിൽ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ ഉറച്ചുനിന്ന എല്ലാ ധീര വ്യക്തിത്വങ്ങൾക്ക് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയ പ്രമുഖർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഭരണഘടനാ മൂല്യങ്ങൾ കഠിനമായി പരീക്ഷിക്കപ്പെട്ട ഒരു കാലഘട്ടത്തിന്റെ ഗൗരവമേറിയ ഓർമ്മപ്പെടുത്തലായി അടിയന്തരാവസ്ഥ നിലകൊള്ളുന്നുവെന്ന് ശ്രീ. രാധാകൃഷ്ണൻ സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ ചരിത്രത്തിലെ ഏറ്റവും കറുത്ത അധ്യായങ്ങളിൽ ഒന്നായി ഈ ദിനത്തെ പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ വിശേഷിപ്പിച്ചു. അടിയന്തരാവസ്ഥ ഭരണഘടനയ്ക്കെതിരായ നേരിട്ടുള്ള ആക്രമണമായിരുന്നുവെന്ന് ശ്രീ മോദി പറഞ്ഞു. ഈ ദിനം 'സംവിധാൻ ഹത്യ ദിവസ്' ആയി മോദി സർക്കാർ ആചരിക്കുന്നതിന്റെ പിന്നിൽ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും മേൽ ഇത്തരമൊരു ആക്രമണം വീണ്ടും ആവർത്തിക്കപ്പെടരുതെന്ന ഉദ്ദേശത്തോടെയാണെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ പ്രസ്താവിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## GOYAL UK

കേന്ദ്ര മന്ത്രി പീയൂഷ് ഗോയലിന്റെ മൂന്ന് ദിവസത്തെ യു കെ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ അടുത്ത മാസം 15 ന് പ്രാബല്യത്തിൽ വരാനിരിക്കെയാണ് ഈ സന്ദർശനം. യു കെ യുടെ വ്യാപാര വ്യവസായ സ്റ്റേറ്റ് സെക്രട്ടറി പീറ്റർ കൈലുമായി കേന്ദ്രമന്ത്രി പിയുഷ് ഗോയൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. ലണ്ടനിൽ നടക്കുന്ന ഇന്ത്യ ഗ്ലോബൽ ഫോറത്തിന്റെ ഉദ്ഘാടന പ്ലീനറി സെഷനിൽ, ശ്രീ.ഗോയൽ സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## CIVIL AVIATION -NAIDU(INTRO)

ഉത്തർപ്രദേശിലെ വാരണാസി ലാൽ ബഹാദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ 'ഈസി കണക്റ്റ്' വിമാന സർവീസ് കേന്ദ്ര വ്യോമയാന മന്ത്രി കെ. രാംമോഹൻ നായിഡു ഉദ്ഘാടനം ചെയ്തു. ഡൽഹി വഴി വാരണാസിയെ ലോകവുമായി ബന്ധിപ്പിക്കുന്ന ആദ്യ 'ഹബ്ബ് ആൻഡ് സ്പോക്ക്' സർവീസാണിത്. പുതുക്കിയ ഉഡാൻ പദ്ധതി ഉടൻ ആരംഭിക്കുമെന്നും ഇത് അടുത്ത 10 വർഷത്തിനുള്ളിൽ നൂറോളം പുതിയ വിമാനത്താവളങ്ങളുടെ വികസനത്തിന് പിന്തുണ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## EAM-KOREA

പകർച്ചവ്യാധികൾ, ഭീകരവാദം, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവ ഉയർത്തുന്ന ഭീഷണികളെ ചെറുക്കാൻ ആഗോള കൂട്ടായ്മ അനിവാര്യ മാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. രാജ്യങ്ങൾ പരസ്പര ധാരണ യോടെ ഒന്നിച്ച് പ്രവർത്തിക്കുന്നത് അന്താരാഷ്ട്ര തലത്തിൽ സുസ്ഥിരത ഉറപ്പാക്കാനും കൃത്യമായ അജണ്ടകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനും സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ദക്ഷിണ കൊറിയയിൽ നടന്ന 'ജേജു ഫോറം ഫോർ പീസ് ആൻഡ് പ്രോസ്പെരിറ്റി 2026 പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. കപ്പൽ നിർമ്മാണം, ഡിജിറ്റൽ സാങ്കേതികവിദ്യ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, പ്രതിരോധം എന്നീ മേഖലകളിൽ ഇന്ത്യക്കും ദക്ഷിണ കൊറിയക്കും സംയുക്തമായി വലിയ സംഭാവനകൾ നൽകാൻ സാധിക്കുമെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## BRICS-ENERGY MINISTERS MEETING

ഊർജ്ജ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിനായി ബ്രിക്സ് രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രി മനോഹർ ലാൽ. ഗുരുഗ്രാമിൽ നടന്ന പതിനൊന്നാമത് ബ്രിക്സ് ഊർജ്ജ മന്ത്രിമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചെലവു കുറഞ്ഞതും വിശ്വസനീയവും സുസ്ഥിരവുമായ ഊർജ്ജം അനിവാര്യ

മാണെന്ന് മന്ത്രി പറഞ്ഞു. ഊർജ്ജ മേഖലയിലുടനീളം ഇന്ത്യ നടത്തുന്ന നിക്ഷേപങ്ങളെക്കുറിച്ച് എടുത്തുപറഞ്ഞ മനോഹർ ലാൽ, ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽവൽക്കരിക്കപ്പെട്ട വൈദ്യുതി സംവിധാനങ്ങളി ലൊന്നിന് ഇന്ത്യ അടിത്തറയിടുകയാണെന്ന് വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# EARTHQUAKE

ശക്തമായ ഭൂകമ്പ പരമ്പരയെത്തുടർന്ന് വെനസ്വേലയിൽ 32 പേർ മരിച്ചു. 700-ലധികം പേർക്ക് പരിക്കേറ്റു. ഇന്ന് രാവിലെ വെനസ്വേലയുടെ തലസ്ഥാനമായ കാരക്കാസിലും പരിസര പ്രദേശങ്ങളിലുമായി 7.2, 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനങ്ങളാണ് ഉണ്ടായത്. ഇതിനെത്തുടർന്ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതായി വെനസ്വേലൻ ആക്ടിങ് പ്രസിഡന്റ് ഡെൽസി റോഡ്രിഗസ് അറിയിച്ചു. ദുരന്തബാധിത പ്രദേശങ്ങ ളിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കടുത്ത ദുഃഖം രേഖപ്പെടുത്തി. ഇന്ത്യ ദുരന്ത ബാധിതർക്കൊപ്പം നിലകൊള്ളുന്നുവെന്നും വെനസ്വേലയ്ക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ജപ്പാന്റെ വടക്കൻ മേഖലയിലും ഇന്ന് ഭൂചലനം അനുഭവപ്പെട്ടിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# YOUTH PARLIAMENT-PRIZE

കേന്ദ്രീയ വിദ്യാലയങ്ങൾക്കായുള്ള 2025-26 ലെ മുപ്പത്തിയാറാമത് ദേശീയ യുവജന പാർലമെന്റ് മത്സരത്തിന്റെ സമ്മാനദാനം ഇന്ന് ന്യൂഡൽഹിയിൽ പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ നിവഹിക്കും. ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ന്യൂഡൽഹി- ഡോ. രാജേന്ദ്ര പ്രസാദ് കേന്ദ്രീയ വിദ്യാലയത്തിന് സർദാർ വല്ലഭായ് പട്ടേൽ റണ്ണിംഗ് പാർലമെന്ററി ഷീൽഡും ട്രോഫിയും സമ്മാനിക്കും. പ്രാദേശിക തലത്തിൽ കേരളത്തിൽ നിന്നും - തിരുവനന്തപുരം പള്ളിപ്പുറം കേന്ദ്രീയ വിദ്യാലയ ത്തിനും പുരസ്ക്കാരം ലഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# OPERATION TOOFAN

ലഹരിക്കെതിരായ പോരാട്ടത്തിൽ കേരളമൊന്നാകെ അണി ചേരണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഓപ്പറേഷൻ തൂഫാൻ **the narko hunt** പദ്ധതിയുടെ രണ്ടാം ഘട്ടമായ യോജകമണ്ഡലാടിസ്ഥാനത്തിലുള്ള പ്രചാരണ പരിപാടികൾ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികൾക്ക് 'തൂഫാൻ പ്രതിജ്ഞ' യും ആഭ്യന്തര മന്ത്രി ചൊല്ലിക്കൊടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## CENSUS (INTRO)

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം ഇനി 5 ദിവസം കൂടി ലഭ്യമാകും. ആദ്യഘട്ടത്തിൽ കുടുംബത്തിന്റെ താമസ സൗകര്യങ്ങളുടെ അവസ്ഥകളെ കുറിച്ചുള്ള ചോദ്യങ്ങളാണ് ഉള്ളത്.

ഒരു റിപ്പോർട്ട്....

(വോയ്സ്)

സെൻസസ് ഉദ്യോഗസ്ഥർ ജൂലൈ 1 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ വീടുകളിൽ എത്തുന്നതിന് മുമ്പ് തന്നെ വ്യക്തികൾക്ക് തങ്ങളുടെ കുടുംബത്തിലെ വിവരങ്ങൾ ഓൺലൈൻ പോർട്ടൽ വഴി നേരിട്ട് സമർപ്പിക്കാൻ സാധിക്കും. ഏകദേശം 15 - 20 മിനിറ്റിനുള്ളിൽ ഈ പ്രക്രിയ പൂർത്തിയാക്കാം. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്. സംസ്ഥാനം തിരഞ്ഞെടുത്ത ശേഷം കുടുംബനാഥന്റെ പേരും മൊബൈൽ നമ്പറും നൽകി രജിസ്റ്റർ ചെയ്ത് വിവരങ്ങൾ സമർപ്പിക്കാം. തുടർന്ന് വരുന്ന ചോദ്യങ്ങൾക്ക് കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഫോം സമർപ്പിക്കുക. സമർപ്പിക്കുമ്പോൾ, H - ൽ തുടങ്ങുന്ന 11 അക്കങ്ങളുള്ള സെൽഫ് എന്യുമറേഷൻ ഐഡി ലഭിക്കും. ഈ ഐഡി എസ്എംഎസ് വഴിയും ഇ-മെയിൽ വഴിയും ലഭ്യമാകും. തിരുത്തൽ ആവശ്യമുണ്ടെങ്കിൽ, എന്യൂമറേറ്റർ വീടുകൾ സന്ദർശിക്കുന്ന സമയത്ത് ചെയ്യാവുന്നതാണ്. കുടുംബത്തിലെ ഓരോ വ്യക്തികളെയും കുറിച്ചുള്ള വിവരങ്ങൾ 2027 ഫെബ്രുവരിയോടെ നടക്കുന്ന രണ്ടാം ഘട്ടത്തിലാണ് ഉണ്ടാകുക.
ന്യൂസ്ഡെസ്ക്, ആകാശവാണി

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## TREASURY

കേരളത്തിൽ നാളെ ഒരു മണിവരെ ഇ-ട്രഷറി ഉൾപ്പെടെ ട്രഷറി സേവന ങ്ങൾ തടസ്സപ്പെടും. സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ അറ്റകുറ്റപ്പണികൾ നടക്കുന്ന തുമായി ബന്ധപ്പെട്ടാണ് തടസ്സം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയ ങ്ങൾ പങ്കു വെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക് നടക്കും. പരിപാടിയുടെ 135 ആം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായ ങ്ങളും നാളെ വരെ MYGOV, NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## T20 WC - IND VS BAN

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ, ഇന്ന് ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. മാഞ്ചസ്റ്ററിൽ ഇന്ത്യൻ സമയം വൈകുന്നേരം 7 മണിക്ക് മത്സരം ആരംഭിക്കും. ഹർമൻപ്രീത് കൗറിന്റെ നേതൃത്വത്തിലുള്ള വനിതാ ടീം നിലവിൽ ഗ്രൂപ്പ് എയിൽ 3 മത്സരങ്ങളിൽ 2 എണ്ണം വിജയിച്ച് രണ്ടാം സ്ഥാനത്താണ്. ബംഗ്ലാദേശ് നാലാം സ്ഥാനത്താണ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോൾ ഗ്രൂപ്പ് എ- യിൽ ദക്ഷിണാഫ്രിക്ക -ദക്ഷിണ കൊറിയെ ഏകപക്ഷീയമായ ഒരു ഗോളിനു പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ചെക്ക് റിപ്പബ്ലിക്കിനെ - എതിരില്ലാത്ത 3 ഗോളിന് കീഴടക്കി മെക്സിക്കോ നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ചു. ഗ്രൂപ്പ് ബിയിൽ നിന്ന് സ്വിറ്റ്സർലൻഡ്, കാനഡ, ബോസ്നിയ ടീമുകളും, ഗ്രൂപ്പ് സിയിൽ നിന്ന് ബ്രസീലും, മൊറോക്കോയും നോക്കൗട്ട് യോഗ്യത ഉറപ്പാക്കി. ഇന്ന് പുലർച്ചെ നടന്ന മത്സരങ്ങളിൽ കാനഡയ്ക്കെതിരെ, സ്വിറ്റ്സർലാൻറും ഖത്തറിനെതിരെ ബൊസ്നിയ ഹെഴ് സെഗോവിനയും വിജയിച്ചു.

മൊറോക്കൊയ്ക്കെതിരെ പരാജയപ്പെട്ട ഹെയ്തി ലോകകപ്പിൽ നിന്ന് പുറത്തായി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## RAM JANMABHOOMI SC

ശ്രീരാമ ജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റിന് ലഭിച്ച സംഭാവനകൾ കൈകാര്യം ചെയ്യതിനെക്കുറിച്ച് കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജിയിൽ അടിയന്തരമായി വാദം കേൾക്കാൻ സുപ്രീം കോടതി ഇന്ന് വിസമ്മതിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁